**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2492** **13-09-2023 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ മാലിന്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തികവർഷം വയനാട് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പും ശുചിത്വ മിഷനും ഹരിത കേരള മിഷനും മാലിന്യസംസ്കരണത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിയത്; ഈ വർഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ലക്ഷ്യമിടുന്നത്; ഇതിനായി അനുവദിച്ച തുകയുടെ വിശദാംശം നൽകുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വയനാട് ജില്ലയിൽ ശുചിമുറി മാലിന്യപ്ലാന്റുകൾ സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയാണ് സ്ഥലം കണ്ടെത്തിയതെന്നും അവിടെ പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കുമോ; | (ബി) | വയനാട് ജില്ലയിൽ ശുചിമുറി മാലിന്യ പ്ലാൻറുകൾ സ്ഥാപിക്കാൻ നിലവിൽ അമ്പലവയൽ, പുൽപ്പള്ളി, വെള്ളമുണ്ട, എടവക എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലങ്ങളിൽ പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ച വരുന്നു,പൂർത്തിയായിട്ടില്ല . |
| (സി) | പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ വയനാട് ചുരത്തിലും വനമേഖലയിലും റോഡിലും വലിച്ചെറിയുന്നതു തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട് നിയമലംഘനങ്ങൾ നടത്തിയ എത്ര പേരെ ഇതുവരെ പിടികൂടിയിട്ടുണ്ട്; വിശദമാക്കുമോ; | (സി) | വയനാട് ചുരം കോഴിക്കോട് ജില്ലയുടെ ഭാഗമായാണ് സ്ഥിതി ചെയ്യുന്നത്. മറ്റ് വനമേഖലയിലും റോഡരികിലും മാലിന്യം വലിച്ചെറിയുന്നത് തടയാൻ വിവിധ തദ്ദേശ സ്ഥാപന സ്ക്വാഡും ജില്ലാ തല സ്ക്വാഡും പരിശോധന നടത്തി വരുന്നു. ജില്ലയിലെ എല്ലാ പ്രദേശങ്ങളിലും മാലിന്യം വലിച്ചെറിയുന്നത് നമ്മുടെ നാടിനെ നശിപ്പിക്കുന്നു. ആയത് ശിക്ഷാർഹമാണെന്നും കാണിച്ച് ഐ.ഇ.സി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. 12 ലക്ഷം രൂപയുടെ ബോർഡുകൾ ചുവരെഴുത്തുകൾ എന്നിവ ഈ വർഷം നടത്താൻ ഉദ്ദേശിച്ചിട്ടുണ്ട്. 59 ഗാർബേജ് വൾണറിബിൾ പോയൻറ് കണ്ടെത്തുകയും ആയത് വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വലിച്ചെറിയുന്നത് ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന് എതിരാണെന്നും ആയത് ശിക്ഷാർഹമാണെന്നും വയനാട്ടിലെ പൊതുജനങ്ങളിൽ ബോധവൽക്കരണം |

| | | | |
|---|---|---|---|
| | | | നടത്തുവാൻ വിവിധ ക്യാമ്പയിനുകളിലൂടെ സാധിച്ചിട്ടുണ്ട്. എന്നാൽ വയനാട് ടൂറിസം ജില്ലയായതിനാൽ യാത്രക്കാരാണ് ഇത്തരം നിയമലംഘനങ്ങളിൽ ഭൂരിഭാഗവും ഏർപ്പെടുന്നത് എന്നത് ജില്ലയുടെ മാലിന്യ സംസ്കരണത്തെ ബാധിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് 50 കേസുകൾ ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിൽ 5,05,000/ രൂപ പിഴ ചുമത്തിയിട്ടുണ്ട് |
| (ഡി) | വയനാട് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതു തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇതിനായുള്ള ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എന്തു തുകയാണ് പിഴയായി ഈടാക്കിയത് എന്നും വെളിപ്പെടുത്തുമോ? | (ഡി) | 1.ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിൽ ശുചീകരണ തൊഴിലാളികൾ മാലിന്യം ശേഖരിക്കുകയും ഹരിത കർമ്മ സേനയ്ക്ക് തരംതിരിച്ച് അജൈവ മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ എടുക്കുകയും ചെയ്തു വരുന്നു.<br><br>2.എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സമീപത്തും മാലിന്യം വലിച്ചെറിയരുത് എന്ന ഐ.ഇ.സി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>3.മാലിന്യം വലിച്ചെറിയരുത് എന്ന സന്ദേശവുമായി എല്ലാ കേന്ദ്രങ്ങളിലും വിതരണം ചെയ്യുന്നതിനായി 5000 നോട്ടീസ് തയ്യാറാക്കുകയും ആയത് വിവിധ കേന്ദ്രങ്ങളിൽ നൽകുകയും ചെയ്തിട്ടുണ്ട്<br><br>4.എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ജില്ലാതല എൻഫോഴ്സ്മെൻറ് സ്ക്വാഡ് സന്ദർശിക്കുകയും നിർദ്ദേശം നൽകുകയും ചെയ്തു.<br><br>5. ഡി.പി.സി, ഡി.ഡി.സി മറ്റ് ജില്ലാതല മീറ്റിംഗുകൾ എന്നിവയിൽ പ്രസ്തുത വിഷയം ഉന്നയിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പോലീസ് വകുപ്പിനെയും മോട്ടോർ വാഹന വകുപ്പിനെയും നിയമലംഘനങ്ങളും വലിച്ചെറിയുന്നതും കണ്ടെത്തുവാൻ ജില്ലാ കളക്ടർ നിയോഗിച്ചിട്ടുണ്ട്.<br><br>6.എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും പരിശോധന നടത്തുവാനും നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനനുസരിച്ച് പിഴ ഈടാക്കുവാനും തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്ക് ജില്ലാ സ്ക്വാഡ് കത്ത് നൽകിയിട്ടുണ്ട്. ജില്ലാതല സ്ക്വാഡിൻറെ പരിശോധനയിൽ 3 സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതായി കണ്ടെത്തുകയും ആയതിന് 30,000/- ഫൈൻ ഈടാക്കിയിട്ടുണ്ട്. കൂടാതെ ജില്ലയിൽ ഏറ്റവും കൂടുതൽ വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളായ ഒറ്റ തവണ ഉപയോഗിക്കുന്ന നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വിപണനം, ഉപയോഗം എന്നിവ സംബന്ധിച്ച് കർശന പരിശോധന ജില്ലാതല സ്ക്വാഡ് നടത്തി വരുന്നു. 50 |

| | | | |
|---|---|---|---|
| | | | പേർക്ക് 5,05,000/ രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. ആയതിൽ 4,07,000/ രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ശുചിത്വമിഷനെ സംബന്ധിച്ച വിവരങ്ങൾ

2022-23 സാമ്പത്തിക വർഷം വയനാട് ജില്ലയിൽ മാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷൻ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതികൾ | പൂർത്തികരിച്ചവ | ചിലവാകിയ തുക |
|---|---|---|---|
| 1 | വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ | 458 | 5496000 |
| 2 | പൊതു ശൗചാലയങ്ങൾ | 9 | 2016267 |
| 3 | സ്കൂൾ ടോയ്‌ലറ്റ് | 3 | 990463 |
| 4 | ലൈബ്രറി ടോയ്‌ലറ്റ് | 2 | 204674 |
| 5 | Take A Break | 1 | 210000 |
| | ആകെ | 15 | 3421404 |
| **ഖര മാലിന്യ സംസ്കരണം** | | | |
| **ക്രമ നം** | **പദ്ധതികൾ** | **പൂർത്തികരിച്ചവ** | **ചിലവാകിയ തുക** |
| 1 | ബയോ ബിൻ വിതരണം | 1404 | 3034821 |
| 2 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ | 4 | 1631432 |
| 3 | മിനി എം സി എഫ് | 39 | 2093088 |
| 4 | ബോട്ടിൽ ബൂത്ത് | 69 | 1760517 |
| 5 | കളക്ടർസ് @ സ്കൂൾ | 2 | 388171 |
| 6 | മാലിന്യം ശേഖരിക്കുന്നതിനായി വാഹനം | 2 | 1094436 |
| 7 | എം സി എഫ് സെന്ററുകളിൽ വിവിധ ഉപകരണങ്ങൾ | 4 | 269573 |
| 8 | സാനിറ്ററി നാപ്കിൻ ഡിസ്ട്രോയെർ | 4 | 313091 |
| | **ആകെ** | **1526** | **10585129** |

**ദ്രവ മാലിന്യ സംസ്കരണം**

| ക്രമ നം | പദ്ധതികൾ | പൂർത്തികരിച്ച വ | ചിലവാകിയ തുക |
|---|---|---|---|
| 1 | സോക്ക് പിറ്റ് നിർമ്മാണം | 18 | 8941550 |
| 2 | Retrofitting | 581 | 2909261 |
| | **ആകെ** | **599** | **11850811** |

| ക്രമ നം | പദ്ധതികൾ | പൂർത്തികരിച്ച വ | ചിലവാകിയ തുക |
|---|---|---|---|
| 1 | IEC പ്രവർത്തനങ്ങൾ | 9 | 574693 |

2023-24 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ നടത്തുവാൻ ലക്ഷ്യമിടുന്ന മാലിന്യസംസ്കരണ മേഖലയിലെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പദ്ധതികൾ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ഏറ്റെടുത്ത തുക |
|---|---|---|---|
| 1 | വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ | 1357 | 16284000 |
| 2 | പൊതു ശൗചാലയങ്ങൾ | 32 | 10516689 |
| **ഖര മാലിന്യ സംസ്കരണം** | | | |
| **ക്രമ നം** | **പദ്ധതികൾ** | **ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം** | **ഏറ്റെടുത്ത തുക** |
| 1 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ | 18 | 34587186 |
| 2 | മിനി എം സി എഫ് | 17 | 21078059 |
| 3 | ബോട്ടിൽ ബൂത്ത് | 8 | 3675445 |
| 4 | കളക്ടേർസ് @ സ്കൂൾ | 3 | 636000 |
| 5 | മാലിന്യം ശേഖരിക്കുന്നതിനായി വാഹനം | 9 | 6932788 |
| 6 | എം സി എഫ് സെന്ററുകളിൽ വിവിധ ഉപകരണങ്ങൾ | 7 | 2350000 |
| 7 | സാനിറ്ററി നാപ്കിൻ ഡിസ്ട്രോയെർ | 11 | 1827560 |
| 8 | തുമ്പൂർമുഴി യൂണിറ്റ് | 5 | 1625000 |
| | **ആകെ** | **78** | **71249538** |
| **ദ്രവ മാലിന്യ സംസ്കരണം** | | | |

| ക്രമ നം | പദ്ധതികൾ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ഏറ്റെടുത്ത തുക |
|---|---|---|---|
| 1 | സൊക്ക് പിറ്റ് നിർമ്മാണം | 145 | 253491747 |
| 2 | Sewage Treatment Plant | 5 | 64128643 |
| 3 | Retrofitting | 632 | 6532887 |
| | **ആകെ** | **782** | **324153277** |

| ക്രമ നം | പദ്ധതികൾ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ഏറ്റെടുത്ത തുക |
|---|---|---|---|
| 1 | IEC പ്രവർത്തനങ്ങൾ | 9 | 825330 |

## തദ്ദേശസ്വായംഭരണ വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ

വയനാട് ജില്ലയിൽ 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തുകൾ 74,67,430/- രൂപ വിവിധ ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്.ബ്ലോക്ക് പഞ്ചായത്തുകൾ 12,26,664/- രൂപയും നഗരസഭകൾ 1,78,21,598/- രൂപയും ജില്ലാ പഞ്ചായത്ത് 88,500/ രൂപയും ഖരമാലിന്യ പരിപാലനത്തിനായി ചെലവഴിച്ചിട്ടുണ്ട്.

ഖരമാലിന്യ പരിപാലന പ്രവർത്തനങ്ങൾക്കായി ശുചീകരണ ആവശ്യത്തിനുള്ള സാമഗ്രികൾ വാങ്ങൽ, വിവിധ സ്ഥലങ്ങളിൽ പ്ലാസ്റ്റിക് ശേഖരണ യൂണിറ്റുകൾ സ്ഥാപിക്കൽ, ഹരിതകർമ്മസേന പ്രവർത്തനങ്ങൾ, മിനി എം. സി.എഫുകളുടെ നിർമ്മാണം പുനരുദ്ധാരണം, ഭാതിക സാഹചര്യം മെച്ചപ്പെടുത്തൽ, സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം, മാലിന്യം എം.സി.എഫ് ലേക്ക് നീക്കിയ ഇനത്തിലെ വാഹന വാടക നൽകൽ, പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ, വാർഡുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ യൂസർഫീ നൽകൽ, ഉറവിട മാലിന്യ സംസ്കരണ പദ്ധതി, പട്ടികവർഗ്ഗ, കോളനികളിൽ ഡ്രെയിനേജ്, വേസ്റ്റ് പിറ്റ്, സെപ്റ്റിക് ടാങ്ക് നിർമ്മാണം, സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ മെഷിൻ സ്ഥാപിക്കൽ, കമ്മ്യൂണിറ്റി സോക്ക് പിറ്റ് നിർമ്മാണം, അങ്കൺവാടികൾ, സ്കൂളുകൾ, സാംസ്കാരിക നിലയങ്ങൾ എന്നിവിടങ്ങളിലെ ഖരദ്രവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ എന്നിവയാണ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്.

ദ്രവമാലിന്യ പരിപാലനത്തിനായി ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ 2022-23 സാമ്പത്തിക വർഷം 3,62,37,915/- രൂപയും നഗരസഭകൾ 1,00,91,570/- രൂപയും ബ്ലോക്ക് പഞ്ചായത്തുകൾ 127,98,137/-രൂപയും ജില്ലാ പഞ്ചായത്ത് 8,43,676/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ട്രൈബൽ കോളനികളിൽ സോക്ക്
പിറ്റ് നിർമ്മാണം, ഗ്രേ വാട്ടർ വേസ്റ്റ് മാനേജ്മെന്റ് (സ്കൂൾ), ഡ്രെയിനേജ് നിർമ്മാണം, നവീകരണം, ആശുപത്രിയിൽ മലിനജല നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തൽ, ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

പൊതു ടോയ്ലറ്റ് നിർമ്മാണം, അങ്കൺവാടികൾ, സ്കൂളുകൾ, വായനശാല, പകൽവീട്, എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് നിർമ്മാണം, പഞ്ചായത്ത് ബസ്റ്റാന്റ് ടോയ് ലറ്റ് നിർമ്മാണം പട്ടികവർഗ്ഗ കോളനികളിൽ പൊതു ടോയ് ലറ്റ് നിർമ്മാണം,ഭിന്നശേഷി സഹൃദ ടോയ്ലറ്റുകളുടെ നിർമ്മാണം, ലൈഫ്, പി.എം.എ.വൈ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ടോയ്ലറ്റ്, സോക്ക് പിറ്റ് നിർമ്മാണം, ടേക്ക് എ ബ്രേക്ക്, തുടങ്ങിയ പ്രവർത്തികൾക്കായി ഗ്രാമ പഞ്ചായത്തുകൾ, 48,88,473/- രൂപയും ബ്ലോക്ക് പഞ്ചായത്തുകൾ 11,52,396/- രൂപയും നഗരസഭകൾ

1,89,38,637/- രൂപയും ജില്ലാ പഞ്ചായത്ത് 1,09,47,782/- രൂപയും 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം നടപ്പിലാക്കാൻ ലക്ഷ്യമിട്ട പ്രോജക്ടുകൾ-ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 258 പ്രോജക്ടുകൾക്കായി 33793864/- രൂപ ഖരമാലിന്യപരിപാലനത്തിനായും 139 പ്രോജക്ടുകൾക്കായ് 42,49,93,088/- രൂപ ദ്രവമാലിന്യ പരിപാലനത്തിനായും 224 പ്രോജക്ടുകൾക്കായി 26,67,45,713,- രൂപ പൊതു ശുചിത്വത്തിനായും വകയിരുത്തി പ്രവർത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. 2024 മാർച്ച് 31 നകം മാലിന്യമുക്ത വയനാട് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായ് ഐ.ഇ.സി പ്രവർത്തനങ്ങൾ, ടേക്ക് എ ബ്രേക്ക്, ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ, എം.സി.എഫ് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, ഗാർഹികമാലിന്യം സെഗ്രിഗേറ്റ് ചെയ്യുന്നതിനായി ടൈകളർ ബിന്നുകളുടെ വിതരണം, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, കോളനികളിൽ അഴുക്ക്ചാൽ നിർമ്മാണം, സാനിറ്ററി നാപ്കിൻ ഡിസ്ോയർ സ്ഥാപിക്കൽ മെൻസ്ട്രൽ കപ്പ് വിതരണം, ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾക്കാവശ്യമായ ഭാതിക സാഹചര്യങ്ങൾ, ഒരുക്കൽ, ഹരിതകർമ്മ സേനക്ക് വരുമാനവർദ്ധകങ്ങളായ സംരഭങ്ങൾ ഏർപ്പെടുത്തൽ, ടണകൾ കേന്ദ്രീകരിച്ച് പൊതു ടോയ് ലറ്റ സ്ഥാപിക്കൽ വിദ്യാർത്ഥികൾക്ക് പ്രത്യേകം ഐ.ഇ.സി ക്യാമ്പയിനുകൾ, ഓവുചാലുകളുടെ ശുചീകരണം, സാംസ്കാരിക കേന്ദ്രങ്ങളിൽ പൊതു ശൌചാലയം സ്ഥാപിക്കൽ തുടങ്ങിയ വിവിധ പ്രവർത്തികൾ ആണ് നിലവിൽ നടപ്പിലാക്കി വരുന്നത്.

2022-2023 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ വകുപ്പ ഹരിത കേരള മിഷനും ശുചിത്വമിഷനും സംഘടിപ്പിച്ച വിവിധ പ്രവർത്തനങ്ങൾ ചുവടെ പറയും പ്രകാരമാണ്.

1) ഹരിത കർമ്മ സേന സംഗമം - 4 ബ്ലോക്കുകൾ, 3 നഗരസഭ, 1 ജില്ലാതലം, ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും യൂസർ ഫീ 100 % ആക്കുന്നതിനുള്ള വിവിധക്യാമ്പയിൻ പ്രവർത്തനങ്ങൾ.
2) ആരോഗ്യ ജാഗ്രത-മഴക്കാല പൂർവ ശുചീകരണം ജില്ലാതല മീറ്റിംഗുകൾ-തദ്ദേശ സ്വയംഭരണ സ്ഥാപന തല പ്രവർത്തനങ്ങൾ
3) സ്വച്ഛ് സർവ്വേക്ഷൺ ഗ്രാമീൺ പ്രവർത്തനങ്ങൾ
4) തെളിനീരൊഴുകും നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങൾ
5) ഐ.ഇ.സി ബോർഡുകളും ചുമരെഴുത്തുകളും
6) ലോക കപ്പ് ഗ്രിൻ പ്രോട്ടോക്കോൾ ക്യാമ്പയിൻ പ്രവർത്തനങ്ങൾ
7) കളക്ടർ @ സ്കൂൾ ക്യാമ്പയിൻ പ്രവർത്തനങ്ങൾ
8) ആസാദി കാ അമൃത് മഹോൽസവ് പ്രവർത്തനങ്ങൾ
9) വലിച്ചെറിയൽ മുക്ത വിദ്യാർത്ഥി ക്യാമ്പയിൻ പ്രവർത്തനങ്ങൾ
10) ദൂരദർശൻ ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ
11) എസ്.ബി.എം. നഗരം പ്രവർത്തനങ്ങൾ
12) സ്വച്ഛതാ ഹി സേവ ക്യാമ്പയിൻ പ്രവർത്തനങ്ങൾ
13) നാഷണൽ പഞ്ചായത്ത് അവാർഡ്
14) ഒ.ഡി.എഫ് പ്ലസ് പ്രവർത്തനങ്ങൾ
15) മലം ഭൂതം ക്യാമ്പയിൻ പ്രവർത്തനങ്ങൾ
16) സുജലം ക്യാമ്പയിൻ പ്രവർത്തനങ്ങൾ
17) എല്ലാ വില്ലേജുകളിലും വിവിധ ഐ.ഇ.സി ബോർഡുകൾ സ്ഥാപിക്കൽ
18) ആർ.ആർ.ആർ. ക്യാമ്പയിൻ പ്രവർത്തനങ്ങൾ
19) ദോ രംഗ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ
20) എഫ്.എസ്. ടി.പി ക്യാമ്പയിൻ പ്രവർത്തനങ്ങൾ
21) കൈനാട്ടി ഗവ. ഹോസ്പിറ്റലിൽ വിവിധ ഐ.ഇ.സി ബോർഡുകൾ സ്ഥാപിക്കൽ

22) വലിച്ചെറിയലും അശാസ്ത്രീയമായി മാലിന്യം കൈകാര്യം ചെയ്യുന്നതിന് എതിരെയുള്ള ക്യാമ്പയിനും വിവിധ മീറ്റിംഗുകളും
23) കോഴി മാലിന്യവുമായി ബന്ധപ്പെട്ട ക്യാമ്പയിനും വിവിധ മീറ്റിംഗുകളും
24.) ഓണം ഗ്രീൻ പ്രോട്ടോക്കോൾ ക്യാമ്പയിൻ പ്രവർത്തനങ്ങൾ
25) ഖരമാലിന്യ ക്യാമ്പയിൻ പ്രവർത്തനങ്ങൾ
26) ദ്രവമാലിന്യ ക്യാമ്പയിൻ പ്രവർത്തനങ്ങൾ
27) ഹരിത മിത്രം പ്രവർത്തനങ്ങൾ
28) വെഹിക്കിൾ ട്രാക്കിംഗ് പ്രവർത്തനങ്ങൾ

2023-24.

1) ആരോഗ്യ ജാഗ്രത-മഴക്കാല പൂർവ്വ ശുചീകരണം
2 ) സ്വച്ച് സർവ്വേക്ഷൺ ഗ്രാമീൺ പ്രവർത്തനങ്ങൾ
3 ) കളക്ടേഴ്സ് @ സ്കൂൾ ക്യാമ്പയിൻ പ്രവർത്തനങ്ങൾ
4)വലിച്ചെറിയൽ മുക്ത വിദ്യാർത്ഥി ക്യാമ്പയിൻ പ്രവർത്തനങ്ങൾ
5) എസ്.ബി.എം. നഗരം പ്രവർത്തനങ്ങൾ
6) ഒ.ഡി.എഫ് പ്ലസ് പ്രവർത്തനങ്ങൾ
7) മലം ഭൂതം ക്യാമ്പയിൻ പ്രവർത്തനങ്ങൾ
8) എഫ്.എസ്. ടി.പി ക്യാമ്പയിൻ പ്രവർത്തനങ്ങൾ
9) വലിച്ചെറിയലും അശാസ്ത്രീയമായി മാലിന്യം കൈകാര്യം ചയ്യുന്നതിന് എതിരെയുള്ള ക്യാമ്പയിനും വിവിധ മീറ്റിംഗുകളും.
10) വിദ്യാർത്ഥികൾക്കായുള്ള ഓണാശംസ കാർഡ് മത്സരങ്ങൾ
11) സുജലം 2.0 ക്യാമ്പയിൻ പ്രവർത്തനങ്ങൾ
12) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വലിച്ചെറിയലിനെതിരെയുള്ള ബോർഡും ചുമരെഴുത്തും സ്ഥാപിക്കൽ
13) ഖരമാലിന്യ, ക്യാമ്പയിൻ പ്രവർത്തനങ്ങൾ
14.) ദ്രവമാലിന്യ ക്യാമ്പയിൻ പ്രവർത്തനങ്ങൾ
15) ഹരിത മിത്രം പ്രവർത്തനങ്ങൾ
16) വെഹിക്കിൾ ട്രാക്കിംഗ് പ്രവർത്തനങ്ങൾ

## ഹരിത കേരളം മിഷൻ സംബന്ധിച്ച വിവരം

വയനാട ജില്ലയിൽ മാലിന്യ സംസ്കരണത്തിനായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- 1)മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ അദ്ധ്യക്ഷനും നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ കൺവീനറുമായി ജില്ലാതല ഏകോപന സമിതിക്ക് രൂപം നൽകി പ്രവർത്തിച്ചുവരുന്നു. ഈ ഏകോപന സമിതി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.
- ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഹരിതകർമസേന പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പ്രത്യേക യോഗങ്ങൾ ചേർന്ന് വിലയിരുത്തുകയും ചെയ്യുന്നു. ഈ പ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു റിസോഴ്സ് പേഴ്സന്റെ സേവനം ഹരിത കേരളം മിഷൻ ലഭ്യമാക്കുന്നുണ്ട്.

- വയനാട് ജില്ലയിൽ വാതിൽപ്പടി സേവനവും യൂസർഫീ ശേഖരണവും ഉറപ്പു വരുത്തുന്നതിനായി എന്റെ വാർഡിൽ 100/100 എന്ന പേരിൽ കാമ്പയിൻ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. 8 ഗ്രാമപഞ്ചായത്തുകൾ ഈ കാമ്പയിന്റെ ഭാഗമായി നല്ല നിലയിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.മറ്റ് ഗ്രാമപഞ്ചായത്തുകളിൽ കാമ്പയിൻ വ്യാപിപ്പിച്ചുവരുന്നു.
- നാഷണൽ സർവീസ് സ്കീമിൽ അംഗങ്ങളായ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് ടീൻ ഫോർ ഗ്രീൻ (Teen for Green) എന്ന പേരിൽ ഉറവിടത്തിൽ മാലിന്യം തരം തിരിക്കുന്ന പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള കാമ്പയിൻ പ്രവർത്തനം നടന്നുവരുന്നു.
- ടൂറിസം കേന്ദ്രങ്ങളിലെ അജൈവ പാഴ് വസ്തുക്കൾ ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനുള്ള ഇടപെടലുകൾ നടത്തിവരുന്നു.
- ഈ പ്രവർത്തനങ്ങൾക്ക് ഹരിത കേരളം മിഷന് പ്രത്യേക തുക അനുവദിച്ചിട്ടില്ല.